**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് -എസ്.എൽ.ഐ-സാധുവായ നോമിനേഷൻ ഇല്ലാത്ത എസ്.എൽ.ഐ പോളിസികളുടെ മരണാനന്തര ക്ലെയിം തുക -തഹസിൽദാരിൽ നിന്നും ലഭ്യമാകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള- പരിധി വർദ്ധിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(പി) നം. 140/2021/ധന** **തിരുവനന്തപുരം, തീയതി: 25/10/2021**

പരാമർശം -
1) ജി.ഒ (പി) നം. 840/88/ധന തീയതി 16/11/1988.
2) സ.ഉ.(പി).നം. 149/2016/ധന, തീയതി:04/10/2016
3) ഇൻഷ്വറൻസ് ഡയറക്ടറുടെ 25/03/2021 തീയതിയിലെ കെ.എസ്.ഐ.ഡി/ എസ്.എൽ.ഐ/ ജി.എസ്1/റ്റി 002102007-നമ്പർ കത്ത്.

**ഉത്തരവ്**

എസ്.എൽ.ഐ പോളിസികളുടെ സാധുവായ നോമിനേഷൻ ഇല്ലാത്ത മരണാനന്തര ക്ലെയിമുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള ക്ലെയിം തുക തഹസിൽദാരിൽ നിന്നും ലഭ്യമാകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും അതിന് മുകളിലുള്ള തുക സക്സഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്. പരാമർശം (2) പ്രകാരം എസ്.എൽ.ഐ പ്രീമിയം തുക വർദ്ധിപ്പിച്ചതിനാലും കൂടുതൽ ജീവനക്കാർ ഉയർന്ന പ്രീമിയം തുകയുള്ള പോളിസികൾ എടുക്കുന്നതിനാലും ഇപ്പോൾ അനുവദിക്കുന്ന ഭൂരിപക്ഷം എസ്.എൽ.ഐ പോളിസികളിലും വാഗ്ദത്ത തുക ഒരു ലക്ഷം രൂപയിൽ കൂടുതലാണെന്നും, 5 ലക്ഷം രൂപയിൽ കൂടുതൽ വാഗ്ദത്തതുകയുള്ള എസ്.എൽ.ഐ പോളിസികളുടെ അനുപാതവും നിലവിൽ കൂടുതലാണെന്നും ഇൻഷ്വറൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ, സാധുവായ നോമിനേഷൻ ഇല്ലാത്ത മരണാനന്തര ക്ലെയിമുകളിൽ ഭൂരിഭാഗവും സക്സക്ഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മാത്രമേ ക്ലെയിം തുക അനുവദിച്ച് നൽകുവാൻ സാധിക്കുന്നുള്ളൂവെന്നും, സക്സക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസവും ടി സർട്ടിഫിക്കറ്റിന് പ്രത്യേകം ഫീസ് ഒടുക്കേണ്ടി വരുന്നതും അനന്തരാവകാശികൾക്ക് ക്ലെയിം തുക ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ടും കാലതാമസവും നേരിടുന്നുണ്ടെന്നും ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ച് സാധുവായ നോമിനേഷൻ ഇല്ലാത്ത എസ്.എൽ.ഐ പോളിസികളുടെ മരണാനന്തര ക്ലെയിം തുക അനുവദിച്ച് നൽകുന്നതിനുള്ള പരിധി വർദ്ധിപ്പിക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനും ഇൻഷ്വറൻസ് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാധുവായ നോമിനേഷൻ ഇല്ലാത്ത എസ്.എൽ.ഐ പോളിസികളുടെ മരണാനന്തര ക്ലെയിമുകളിൽ 5 ലക്ഷം രൂപ വരെയുള്ള ക്ലെയിം തുക (വാഗ്ദത്ത തുകയും ബോണസ് തുകയും ഉൾപ്പെടെയുള്ളത്) തഹസിൽദാരിൽ നിന്നും ലഭ്യമാകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും, 5 ലക്ഷം രൂപയിൽ കൂടുതലുള്ള ക്ലെയിം തുക തഹസിൽദാരിൽ നിന്നും ലഭ്യമാകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ്, ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ഇൻഡമിനിറ്റി ബോണ്ട് എന്നിവയുടെ അടിസ്ഥാനത്തിലും അനുവദിച്ച് നൽകുന്നതിന് അനുമതി

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാധുവായ നോമിനേഷൻ ഇല്ലാത്ത എസ്.എൽ.ഐ പോളിസികളുടെ മരണാനന്തര ക്ലെയിമുകളുമായി ബന്ധപ്പെട്ട പരാമർശം (1) -ലെ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്. ഇതിനുള്ള ശുപാർശ ഇൻഷ്വറൻസ് ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് എം കൗൾ**

**സെക്രട്ടറി ധനകാര്യ(വ്യയം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
ഇൻഷ്വറൻസ് ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ , സംസ്ഥാന ട്രഷറി വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ (ഫയൽ നം.എസ്റ്റാ-ഡി2/54/2021/ധന,ഇ 1769176)
ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

APPENDIX

KERALA STATE INSURANCE DEPARTMENT
കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

# STATE LIFE INSURANCE CLAIM

## INDEMNITY BOND

This deed of Indemnity Bond is executed on this ................. day of .............. 20.........by Shri./Smt......................................................................................................................
.........................................................................................................................................
.........................................................................................................................................
....................................................................... (Name & Address of the claimant(s), hereinafter referred to as "***the Claimant(s)***") and (1) Shri./Smt. ..........................................
........................................................................................................................ and (2)Shri./Smt..................................................................................................................
..................................................................................................... (Names & Address of the sureties, hereinafter referred to as "***the Sureties***") in favour of the Governor of Kerala represented by..............................................................................................................
(hereinafter referred to as "***the Government***").

**WHEREAS** a sum of ₹ .......................... (Rupees ....................................................................
.................................................................................only) is due to the estate of the deceased Shri./Smt...................................................................................................................
from the Government being the amount due under the State Life Insurance Policy bearing Policy No....................................... at the time of his/her death on................................;

**AND WHEREAS** the said Shri./Smt. ........................................................................................
had died intestate on.......................leaving the claimant(s) as the sole legal heir(s) of the deceased ;

**AND WHEREAS** the claimant(s) has/have already produced the legal heirship certificate from the Tahsildar, as desired by the Government ;

**AND WHEREAS** the claimant(s) has/have represented to the Government that he/she/they is/are legally entitled to receive the said sum being the sole legal heir(s) of the deceased Shri./Smt.....................................................................................................................
.......................................................................................... and that the amount may be paid to him/her/them on his/her/their executing an indemnity bond with two solvent sureties as hereinafter appearing ;

**AND WHEREAS** the Government have been pleased to sanction the request of the claimant(s) subject to the condition that he/she/they should execute an indemnity bond as hereinafter appearing with two sureties to which the claimant(s) and the sureties have agreed.

NOW THIS PRESENTS WITNESSETH AS FOLLOWS

1. In consideration of the payment of the said sum of ₹ ..........................................
(Rupees .................................................................................................only) to the claimant(s), the claimant(s) and the sureties hereby agree that they shall at all times indemnify and keep indemnified the Government from all claims, losses and demands if any made or which may be made and all actions and proceedings taken or which may be taken against the Government by any person whomsoever in respect of the payment to the said amount to the claimant(s).

2. The claimant(s) and sureties hereby further agree that all sums found due to the Government under or by virtue of this bond shall be recoverable jointly and severally from them and their properties movable and immovable under the provisions of the Revenue Recovery Act for the time being in force as though such sums are arrears of Public Revenue due on land or in such other manner as Government may deem fit.

3. The liability of the sureties under this deed is co-extensive with that of the claimant(s) and shall not be impaired or affected by any variation in the terms and conditions herein contained or the Government giving time or any other indulgence to the claimant(s).

4. The claimant(s) and the sureties are bound to indemnify the Government against or in respect of all charges, costs and damages that the Government may incur in making the payment to the claimant(s) and also to the effect that the officers of the Government who were forced to incur any liability or expense by reason of making the payment to the claimant(s).

In witness where of the claimant(s) and the sureties have hereunto set their hands to these presents on the day and year first above written.

Signed by Claimant (1) Shri./Smt. ..................................................

In the presence of witnesses: 1. ..................................................

2. ..................................................

Signed by Claimant (2) Shri./Smt. ..................................................

In the presence of witnesses: 1. ..................................................

2. ..................................................

Signed by Claimant (3) Shri./Smt. ..................................................

In the presence of witnesses: 1. ..................................................

2. ..................................................

Signed by Claimant (4) Shri./Smt. ..................................................

In the presence of witnesses: 1. ..................................................

2. ..................................................

Signed by Surety (1) Shri./Smt. ..................................................

In the presence of witnesses: 1. ..................................................

2. ..................................................

Signed by Surety (2) Shri./Smt. ..................................................

In the presence of witnesses: 1. ..................................................

2. ..................................................